**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2319 — 19/07/2016 -ൽ മറുപടിയ്ക്ക്

# കുറ്റ്യാടി മേഖലയിലെ തെങ്ങുകർഷകർക്കുണ്ടായ നഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുള്ള** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) | ഏറ്റവും കൂടുതൽ നാളികേര കൃഷിയുള്ള കോഴിക്കോട് ജില്ലയിൽ വലുതും ഗുണമേന്മയുള്ളതുമായ നാളികേരം ലഭിക്കുന്നത് കുറ്റ്യാടിമേഖലയിൽ നിന്നാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | എ) | ഉണ്ട്. കേരളത്തിലെ തെങ്ങിൻ തൈ ഉല്പാദിപ്പിക്കുന്നതിനുള്ള വിത്ത് തേങ്ങ സംഭരിക്കുന്നത് പ്രധാനമായും കുറ്റ്യാടി മേഖലയിൽ നിന്നാണ്. |
| ബി) | ഇക്കഴിഞ്ഞ മാർച്ച്-ഏപ്രിൽ മാസങ്ങളിലെ കടുത്ത ചൂടിൽ ഈ പ്രദേശങ്ങളിലെ നിരവധി തെങ്ങുകൾ കരിഞ്ഞ് ഉണങ്ങിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഉണ്ട്. ജല ദൗർലഭ്യവും ഗാനോഡർമ എന്ന കുമിളിന്റെ ആക്രമണവും മൂലമാണ് ഈ ഒരു അവസ്ഥ ഈ മേഖലയിൽ നിലവിൽ വന്നത്. |
| സി) | ഇതു സംബന്ധമായി എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | ഉണ്ട്. സി.പി.സി.ആർ.ഐ-യിലെ സയന്റിസ്റ്റുമാരായ ഡോ.തമ്പാൻ, ഡോ.ഹെഗ്ഡേ എന്നിവരുടെ നേതൃത്വത്തിൽ M.D.D.T (മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം) ടി സ്ഥലം സന്ദർശിക്കുകയും. പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | ഇതുമൂലം കർഷർക്കുണ്ടായ ഭീമമായ നഷ്ടം നികത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | പരിഹാര മാർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആനുകൂല്യം നല്കുന്നതിനായി പ്രോജക്ടുകൾ സമർപ്പിക്കുവാൻ ഈ മേഖലയിലെ കൃഷി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടുതലായി വരൾച്ച ബാധിച്ച വടകര താലൂക്കിലെ 23 പഞ്ചായത്തുകളിലെ ഉണങ്ങി നശിച്ച തെങ്ങുകൾക്കുള്ള നഷ്ടപരിഹാരം 700 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>കൂടാതെ നടീൽ വസ്തുക്കൾ, വളങ്ങൾ, വിത്തുകൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**